പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 876 05/02/2020 ൽ മറുപടിക്ക്

## കന്നുകാലി രോഗനിയന്ത്രണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന കന്നുകാലി രോഗനിയന്ത്രണ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | എ) | കേരള സംസ്ഥാനത്തെ കന്നുകാലികളിൽ കണ്ടുവരുന്ന സാംക്രമിക രോഗങ്ങൾക്കും, പകർച്ച വ്യാധികൾക്കും ഫലപ്രദമായി പ്രതിരോധ കുത്തിവയ്പുകൾ സമയബന്ധിതമായി നൽകി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും രോഗബാധയിൽ നിന്നും സംരക്ഷിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ് കന്നുകാലി രോഗനിയന്ത്രണ പദ്ധതി. ഇതോടൊപ്പം സംസ്ഥാനത്തെ കർഷകർക്ക് ഏത് അടിയന്തിര സാഹചര്യത്തിലും ബന്ധപ്പെടുവാനും സംശയ നിവാരണം നടത്തുന്നതിനും ഒരു സ്റ്റേറ്റ് ലവൽ അനിമൽ ഡിസീസ് എമർജൻസി കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു. 2004 ൽ രൂപീകൃതമായ പ്രൊജെക്ട് പ്രധാനമായും കുളമ്പുരോഗബാധ, ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതി, ആട്ടുവസന്ത നിയന്ത്രണ പദ്ധതി, ജന്തുരോഗ നിയന്ത്രണ സംസ്ഥാന സഹായ പദ്ധതി എന്നിവ നടപ്പിലാക്കി കർഷകർക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാനും പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. |
| ബി) | സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പു രോഗത്തിനെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പു രോഗ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കുത്തിവെയ്പ്പ് കാലയളവിൽ മറ്റേതെങ്കിലും അസുഖം ബാധിച്ച് അവശനിലയിലായ ഉരുക്കൾ, 8 മാസത്തിനുമേൽ ഗർഭം ധരിച്ച് നിൽക്കുന്ന ഉരുക്കൾ എന്നിവയെ അപ്പോൾ കുത്തിവയ്പിനു വിധേയമാക്കാറില്ല. എന്നാൽ രോഗം മാറിയതിനു ശേഷമോ പ്രസവ ശേഷമോ കുത്തിവെയ്പ്പ് നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | എല്ലാ ക്ഷീരകർഷക ഭവനങ്ങളിലും ഈ രോഗപ്രതിരോധ പരിപാടിയുടെ സന്ദേശവും പ്രവർത്തനവും എത്തിക്കുന്നുണ്ടോ; | സി) | ഉണ്ട് |
| ഡി) | കന്നുകാലികളെ ബാധിക്കുന്ന മറ്റേതൊക്കെ രോഗങ്ങളാണ് കന്നുകാലി രോഗനിയന്ത്രണ പദ്ധതി മുഖേന ഫലപ്രദമായി പരിഹരിക്കുന്നതെന്നും ആയതിനായി അവലംബിക്കുന്ന മാർഗ്ഗങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) | കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തുന്നത്. ഇത് കൂടാതെ നായ്ക്കൾക്കുള്ള പേവിഷ പ്രതിരോധ വാക്സിനുകൾ വാങ്ങി പഞ്ചായത്തുകളിൽ വിതരണം നടത്തുന്നു. ആട്ടുവസന്ത ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അതിനുള്ള പ്രതിരോധ വാക്സിനുകൾ ലഭ്യമാക്കുന്നു. കന്നുകാലികളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന ജന്തുജന്യ രോഗങ്ങളായ പക്ഷിപ്പനി, കുരങ്ങുപനി, കരലടപ്പൻ, ബ്രൂസല്ലോസിസ്, നിപാ, എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ നിരീക്ഷണവും, കരുതൽനടപടികളും സ്വീകരിക്കുന്നു. അത് പോലെ തന്നെ പാലോട് പ്രവർത്തിക്കുന്ന ഐ.എ.എച്ച്. & വി.ബി.യിൽ ഉല്പാദിപ്പിയ്ക്കുന്ന അടപ്പൻ, കരലടപ്പൻ തുടങ്ങിയവയ്ക്കുള്ള വാക്സിനുകളും കോഴി, താറാവ് എന്നിവയ്ക്കുള്ള വാക്സിനുകളും ഈ സ്ഥാപനം മുഖേന സംസ്ഥാനത്തുള്ള മൃഗാശുപത്രികൾ വഴി പ്രതിരോധ കുത്തിവയ്പുകൾക്കായി വിതരണം ചെയ്ത് വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ